ഉമ്മൻചാണ്ടി ഇന്ന് വയനാട്ടിൽ

കൽപ്പറ്റ: മുൻമുഖ്യമന്ത്രിയും എ ഐ സി സി ജനറൽ സെക്രട്ടറിയുമായ ഉമ്മൻചാണ്ടി ഇന്ന് വയനാട്ടിലെത്തും. ഉച്ചക്ക് രണ്ട് മണിക്ക് കൽപ്പറ്റയിലെത്തുന്ന ഉമ്മൻചാണ്ടി രണ്ടരക്ക് കശ്മീരിലെ പുൽവാമയിൽ ഭീകരരുടെ ആക്രമണത്തിൽ വീരമൃത്യു വരിച്ച ഹവീൽദാർ വി വി വസന്തകുമാറിന്റെ തൃക്കൈപ്പറ്റയിലെ തറവാട് വീട് സന്ദർശിക്കും. തുടർന്ന് ഉച്ചക്ക് ശേഷം മൂന്നരക്ക് മേപ്പാടിയിൽ ജില്ലാ കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിക്കുന്ന കാസർഗോഡ് സി പി എം അക്രമികൾ കൊലപ്പെടുത്തിയ കൃപേഷ്, ശരത്ലാൽ അനുസ്മരണ പരിപാടിയിലും പങ്കെടുക്കും.

സൂര്യാഘാതം: ജോലി സമയം ക്രമീകരിച്ചു

കൽപ്പറ്റ: ജില്ലയിൽ വാളാട്, മേപ്പാടി മേഖലകളിൽ സൂര്യാഘാതം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജില്ലയിലെ തോട്ടംതൊഴിലാളി, നിർമ്മാണതൊഴിലാളി മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് മെയ് 31 വരെ ഉച്ചയ്ക്ക് 12 മണി മുതൽ വൈകിട്ട് മൂന്ന് വരെ ജോലി ഒഴിവ് അനുവദിക്കാൻ ജില്ലാ കളക്ടർ എ.ആർ അജയകുമാർ ജില്ലാ ലേബർ ഓഫീസർക്ക് നിർദ്ദേശം നൽകി. പുതുക്കിയ സമയക്രമം ജില്ലാ ലേബർ ഓഫീസർ പ്രത്യേകം പുറപ്പെടുവിക്കും.

◆ സർക്കാരിന്റെ ആയിരംദിനാഘോഷം നടത്തുന്നത് ലക്ഷങ്ങൾ ചിലവഴിച്ച് ◆ പ്രളയാന്തര ധനസഹായം ഇനിയും ലഭ്യമാകാതെ നിരവധി കുടുംബങ്ങൾ ◆ ജില്ലയിൽ കർഷക ആത്മഹത്യകൾ വർധിക്കുന്നു ◆ പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും ഭൂരിഭാഗവും ഇപ്പോഴും അപകടാവസ്ഥയിൽ ◆ മെഡിക്കൽ കോളജടക്കമുള്ള സ്വപ്നപദ്ധതികൾ അട്ടിമറിച്ചു

'പ്രളയഭൂമി'യിൽ സർക്കാരിന്റെ ധൂർത്ത്

വയനാടിന് ഒരിക്കലും മറക്കാനാവാത്ത പ്രളയ ദുരന്തചിത്രങ്ങൾ

സർക്കാരിന്റെ ആയിരം ദിനാഘോഷത്തിന്റെ ഭാഗമായി ജില്ലാമേളക്കായി കൽപ്പറ്റ എസ് കെ എം ജെ സ്കൂൾ ഗ്രൗണ്ടിൽ ഒരുക്കിയ വേദി

കൽപ്പറ്റ: പ്രളയം നാമാവശേഷമാക്കിയ മണ്ണിൽ ലക്ഷങ്ങൾപൊടിച്ച് സംസ്ഥാന സർക്കാരിന്റെ ആയിരം ദിനാഘോഷം. പ്രളയത്തിന് ശേഷം ജനങ്ങൾ പൊറുതിമുട്ടുമ്പോൾ ലക്ഷങ്ങൾ പൊടിച്ച് ക്ഷേത്രപ്രവേശനവിളംബരത്തിന്റെ വാർഷികം ആഘോഷിച്ചതും, അതിന് പിന്നാലെ കോടികൾ ചിലവഴിച്ച് നടത്തിയ വനിതാമതിലിനും പിന്നാലെയാണ് ആയിരം ദിനാഘോഷത്തിനായി യാതൊരു മാനദണ്ഡവും പാലിക്കാതെ പണം ധൂർത്തടിക്കുന്നത്. ആയിരങ്ങൾക്ക് ഒറ്റ ദിവസം കൊണ്ട് സഹായം ലഭ്യമാക്കുന്ന ജനസമ്പർക്കപരിപാടിയെ പരിഹസിച്ചവർ ഇന്ന് കൽപ്പറ്റ എസ് കെ എം ജെ ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ ആയിരം ദിനാഘോഷത്തിനായി കെട്ടിപൊക്കിയിരിക്കുന്നത് ലക്ഷങ്ങൾ മുടക്കിയുള്ള പന്തലാണ്. അവിടെ ഇന്ന് മുതൽ നടക്കാൻ പോകുന്നതാകട്ടെ സർക്കാരിന്റെ വികസനനേട്ടങ്ങൾ വിളംബരം ചെയ്തുകൊണ്ടുള്ള എക്സിബിഷനും. മൂന്ന് നിയോജക മണ്ഡലങ്ങളിലും വിവിധ പരിപാടികൾ നടത്തുന്നുണ്ട്. കൽപ്പറ്റയിൽ വിവിധ സർക്കാർ വകുപ്പുകളുടെ സ്റ്റാളുകളും സജ്ജീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ വിവിധ വകുപ്പുകൾ പങ്കെടുക്കുന്ന ഒരാഴ്ച നീണ്ടു നിൽക്കുന്ന പ്രദർശനം, കൃഷി, ആരോഗ്യം, ആദിവാസി വികസനം, വിദ്യാഭ്യാസം, ടൂറിസം മേഖലകളുമായി ബന്ധപ്പെട്ട സെമിനാറുകൾ, സാംസ്കാരിക പരിപാടികൾ എന്നിവയും നടക്കുന്നുണ്ട്. കേരളത്തിലെ പ്രശസ്തരായ കലാകാരന്മാരുടെ കലാപരിപാടികളും എക്സിബിഷന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. എന്നാൽ പ്രതിസന്ധിയിൽ നട്ടം തിരിയുന്ന ഒരു സാധാരണക്കാരനും ഇവിടെയെത്തില്ലെന്നുറപ്പാണ്. അവന് കിട്ടേണ്ടതൊന്നും ഈ നിമിഷം വരെ നൽകാൻ സർക്കാരിനായിട്ടില്ല. വികസനം വിളംബരം ചെയ്യുന്ന ഗൗണ്ടിൽ നിന്നും നടന്നാലെത്തുന്ന ദൂരത്ത് സർക്കാർ മെഡിക്കൽ കോളിനായി സ്ഥലം ഏറ്റെടുത്ത് പ്രാരംഭഘട്ടപ്രവൃത്തികൾ ആരംഭിച്ചിരുന്നു. ഇന്ന് വയനാടിന്റെ ആരോഗ്യമേഖലക്ക് കരുത്താകുമായിരുന്ന ആ സ്വപ്നപദ്ധതി അട്ടിമറിക്കപ്പെട്ടിരിക്കുന്നു. തൊട്ടടുത്തെത്തിയ റെയിൽവെ സ്വപ്നം അട്ടിമറിച്ച സർക്കാരിന്റെ വയനാടൻജനതയോടുള്ള മറ്റൊരു ഷോക്ക് ട്രീറ്റ്മെന്റായിരുന്നു അത്. കഴുത്തിൽ കയർ കുരുക്കി ജീവിതത്തിനും മരണത്തിനുമിടയിൽ നിൽക്കുന്ന വയനാടിന്റെ കാർഷികമേഖലയിലേക്കും ഈ സർക്കാർ തിരിഞ്ഞുനോക്കിയിട്ടില്ല. കുടിയേറ്റമേഖലയായ പുൽപ്പള്ളിയിലടക്കം ഏതാനം മാസങ്ങൾക്കിടെ ജീവനൊടുക്കിയത് നാല് കർഷകരാണ്. കാർഷിക വിളകൾ നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിലും സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടു. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നട്ടം തിരിയുന്ന ജനതക്ക് താങ്ങും തണലുമാവേണ്ട സർക്കാർ ആഘോഷം നടത്തി പണം ധൂർത്തടിക്കുന്നതിനെതിരെ ജില്ലയിൽ പ്രതിഷേധം ശക്തമാണ്. ചരിത്രത്തിലെ ഏറ്റവും വലിയ പ്രളയത്തിന്റെ കെടുതികളിൽ നിന്നും വയനാടൻ ജനത ഇന്നും കരകയറിയില്ല. എന്നാൽ ദുരിതബാധിതരായ ആയിരകണക്കിന് ആളുകൾക്ക് പുനരധിവാസമോ, ആനുകൂല്യങ്ങളോ നൽകാതെയാണ് ഈ ധൂർത്തെന്നതാണ് മറ്റൊരു കൗതുകം. എല്ലാം നഷ്ടപ്പെട്ടുനിൽക്കുന്നവന്റെ മുന്നിലേക്ക് വികസനത്തിന്റെ എക്സിബിഷനുമായി എത്തുന്ന സർക്കാരിന്റെ തൊലിക്കട്ടിയെയാണ് പലരും ഇപ്പോൾ പരിഹസിക്കുന്നത്. 2018 ഓഗസ്റ്റിലുണ്ടായ പ്രളയത്തിലും, പേമാരിയിലും ജില്ലയിലെ വിവിധ ഭാഗങ്ങളിൽ കോടികളുടെ നാശനഷ്ടങ്ങളാണുണ്ടായത്. നാശനഷ്ടങ്ങളുടെ യഥാർത്ഥ കണക്കുകൾ കണ്ടെത്താൻ ഇന്നും വിവിധ വകുപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. കാലവർഷത്തിനിടെ വയനാട്ടിലുണ്ടായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമി വിണ്ടുകീറി ഇടിഞ്ഞുതാഴൽ എന്നിവമൂലം കൃഷിയും വാസസ്ഥലവും നശിച്ചവരുടെ പുനരധിവാസവും ഒരുക്കുന്നതിൽ സംസ്ഥാന സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടു. എന്നാൽ ഇതെല്ലാം മറച്ചുവെച്ചാണ് ചില പദ്ധതികളുടെ ഉദ്ഘാടനത്തിന്റെ പേരിൽ തകൃതിയായി ആഘോഷങ്ങൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത്. പ്രളയകാലത്ത് ഉരുൾപൊട്ടിയും മണ്ണിടിഞ്ഞും ഭൂമി വിണ്ടുകീറി ഇടിഞ്ഞുതാഴ്ന്നും ജില്ലയിൽ 724 ഏക്കറിലായി 1,221 കുടുംബങ്ങളെ നേരിട്ട് ബാധിച്ചതായി ജില്ലാ മണ്ണുസംരക്ഷണ വിഭാഗം നടത്തിയ പഠനത്തിൽ തന്നെ തെളിഞ്ഞിരുന്നു. ചെറുതും വലുതമായ 47 ഉരുൾപൊട്ടലുകളാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തത്.

ഉരുൾപൊട്ടലിൽ വൈത്തിരി, മാനന്തവാടി താലൂക്കുകളുടെ വിവിധ ഭാഗങ്ങളിലായി 331.42 ഏക്കർ ഭൂമി ഒലിച്ചുനീങ്ങി. മണ്ണിടിഞ്ഞ് 146.42 ഏക്കർ ഭൂമി നശിച്ചു. ഭൂമി വിണ്ടുകീറൽ പ്രതിഭാസം മൂലം 193.42 ഏക്കർ സ്ഥലം കൃഷിക്കും വാസത്തിനും യോഗ്യമല്ലതായി. ജില്ലയിൽ 155 ഇടങ്ങളിലാണ് മണ്ണിടിച്ചിൽ ഉണ്ടായത്. ഉരുൾപൊട്ടലിൽ വൈത്തിരി താലൂക്കിലെ പൊഴുതന പഞ്ചായത്തിൽ മാത്രം 243.5 ഏക്കർ ഭൂമിയാണ് ഉപയോഗശൂന്യമായത്. വൈത്തിരി പഞ്ചായത്തിൽ 31.37 ഏക്കർ ഭൂമി ഒലിച്ചുപോയി. ഭൂമി വിണ്ടുകീറൽ പ്രതിഭാസംമൂലം മാനന്തവാടി താലൂക്കിലെ തിരുനെല്ലി പഞ്ചായത്തിൽ മാത്രം 167 ഏക്കർ ഭൂമിയെ ബാധിച്ചു. ബത്തേരി താലൂക്കിലെ കാക്കത്തോട് -പുഴംകുനി, വെള്ളച്ചാൽ, ചാടകപ്പുര, പാളക്കൊല്ലി, മാനന്തവാടി താലൂക്കിലെ പനമരം മാത്തൂർപൊയിൽ, വൈത്തിരി താലൂക്കിലെ കോട്ടത്തറ വൈശ്യൻ കോളനി എന്നിവിടങ്ങളിലെ ആളുകളെ പുനരധിവാസിപ്പിക്കണമെന്ന് ആവശ്യമുയർന്നിരുന്നെങ്കിലും ഇതിനുള്ള നടപടികളൊന്നും ഇതുവരെ സർക്കാർ സ്വീകരിച്ചിട്ടില്ല. വീടുകൾ നഷ്ടപ്പെട്ട നൂറുകണക്കിന് ആളുകളുടെ പുനരധവാസം ഇപ്പോഴും പ്രതിസന്ധിയിലാണുള്ളത്. പ്രളയത്തിൽ ഭവന രഹിതരായ നിരവധി കുടുംബങ്ങൾ ഇപ്പോഴും ബന്ധുവീടുകളിലും, വാടക വീടുകളിലുമാണ് കഴിയുന്നത്. ഇത്തരം കുടുംബങ്ങൾക്കൊന്നും സഹായം നൽകാതെയാണ് സർക്കാർ ആയിരംദിന മാമാങ്കം നടത്തുന്നത്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ റോഡുകളും പൂർണ്ണമായും, ഭാഗീകമായും തകരുകയുണ്ടായി. എന്നാൽ ഇവ നന്നാക്കുന്നതിന് ആവശ്യമായ നടപടികളും സർക്കാർ സ്വീകരിച്ചിട്ടില്ല. പ്രളയകാലത്ത് കുടുക്ക പൊട്ടിച്ചതും, സൈക്കിൾ വാങ്ങാൻ സ്വരുക്കൂട്ടിയതുമെല്ലാമായി ഒരുപാട് കുരുന്നുകളും കൂറെ നല്ല മനുഷ്യരും വയനാട് കലക്ട്രേറ്റിൽ സഹായഹസ്തവുമായെത്തിയിരുന്നു. ഈ കുരുന്നുകളുടെയും നന്മനിറഞ്ഞ മനുഷ്യരേയും പരിഹസിക്കുന്നതിന് തുല്യമാണ് പ്രളയബാധിതർക്ക് ഒന്നും നൽകാതെ സർക്കാർ നടത്തുന്ന ഈ ആഘോഷങ്ങൾ.

ലഹരിക്കെതിരെ കായിക ലഹരി പദ്ധതിയുമായി നെഹ്റു യുവകേന്ദ്ര

കൽപ്പറ്റ: യുവജനങ്ങളെ ലഹരികളിൽനിന്ന് മാറ്റി ചിന്തിപ്പിച്ച് കായിക മേഖലയിൽ വ്യാപൃതരാക്കാൻ 'ലഹരിക്കെതിരെ കായിക ലഹരി' പദ്ധതിയുമായി ജില്ലാ നെഹ്റു യുവ കേന്ദ്ര. യുവജന ക്ഷേമത്തിനായി പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ നെഹ്റു യുവ കേന്ദ്രയുടെ ജില്ലാ ഉപദേശക സമിതി യോഗത്തിൽ ജില്ലാ യൂത്ത് കോർഡിനേറ്റർ ആർ എസ് ഹരിയാണ് ഇക്കാര്യം അറിയിച്ചത്. അടുത്ത സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പിലാക്കും. ബ്ലോക്ക് തലത്തിൽ സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന യുവജന ക്ലബ്ബുകളുമായി സഹകരിച്ച് വൈകുന്നേരങ്ങളിൽ കായിക പരിശീലനം നൽകുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ ആരോഗ്യത്തിലും പഠനത്തിലും മുൻനിരയിലെത്തിക്കാൻ 13 മുതൽ 19 വയസുവരെയുള്ള കുട്ടികൾക്കായി കൗമാര ആരോഗ്യവും വികസനവും ലക്ഷ്യമിട്ട് വിവിധ ജീവിത നിപുണതാ പരിശീലനങ്ങൾ, സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് എന്നിവയും നടത്തും. യോഗത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. എഡിഎം കെ അജീഷ് അധ്യക്ഷത വഹിച്ചു. ഐടിഡിപി പ്രൊജക്റ്റ് ഡയറക്ടർ പി വാണിദാസ്, ദാരിദ്ര ലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഡയറക്ടർ പി സി മജീദ്, ജില്ലാ പ്ലാനിങ് ഓഫീസർ കെ എം സുരേഷ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയിസ് ഫ്രണ്ട് വൈത്തിരി താലൂക്ക് സമ്മേളനവും യാത്രയപ്പും കെ പി സി സി നിർവാഹകസമിതിയംഗം എൻ ഡി അപ്പച്ചൻ ഉദ്ഘാടനം ചെയ്യുന്നു

കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയിസ് ഫ്രണ്ട് സമ്മേളനം നടത്തി

കൽപ്പറ്റ: കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയിസ് ഫ്രണ്ട് വൈത്തിരി താലൂക്ക് സമ്മേളനവും യാത്രയപ്പും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും മടക്കിമല ബാങ്ക് ഓഡിറ്റോറിയത്തിൽവെച്ച് നടത്തി. പരിപാടികൾ കെ.പി.സി.സി നിർവാഹകസമിതി അംഗവും മുൻ എം എൽ എയുമായ എൻ.ഡി അപ്പച്ചൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സർവീസിൽ നിന്നും വിരമിക്കുന്ന ആർ. രാജന് യാത്രയയപ്പും നൽകി. വൈത്തിരി താലൂക്ക് പ്രസിഡന്റ് പി. ശ്രീഹരി അധ്യക്ഷത വഹിച്ചു. കെ.സി. ഇ.എഫ് സംസ്ഥന സെക്രട്ടറി ടി.സി ലൂക്കോസ്മുഖ്യ പ്രഭാഷണം നടത്തി. ടി. ജെ. പൗലോസ്, പി സജീവൻ,നിസാർ.കെ, കെസുനിൽ, പി.ആർ ലക്ഷ്മണൻ, എൻ. ഡി.ഷിജു, സുധാകരൻ പി. എൻ, കെ. ജയ, വി.എൻ. ശ്രീകുമാർ, ജിൽസൺ മാത്യു, പി.എംദേവസ്യ, ഷാജിതോമസ്, മോഹ ൻദാസ്.പി.എം, മോളിവി.ജെഎന്നിവർസംസാരിച്ചു. സർവീസിൽ നിന്നുംവിരമിക്കുന്ന ആർ.രാജൻ മറുപടി പ്രസംഗവും നടത്തി.തുടർന്ന്പുതിയ ഭാരവാഹികളുടെതെരഞ്ഞെടുപ്പും നടന്നു.

കുടുംബകൂട്ടായ്മയിൽ ജില്ലാ കാൻസർ സെന്ററിലേക്ക് ഇനി സൗജന്യ യാത്ര

മാനന്തവാടി: കുടുംബകൂട്ടായ്മയിൽ ജില്ലാ കാൻസർ സെന്ററിലേക്ക് ഇനി സൗജന്യ യാത്ര. നല്ലൂർനാട് അംബേദകർ ജില്ലാ കാൻസർ സെന്ററിലേക്ക് പള്ളിയാൽ കുടുംബ കൂട്ടായ്മയാണ് സൗജന്യ വാഹനമേർപ്പെടുത്തുന്നത്. തരുവണ കേന്ദ്രമായി പ്രവർത്തിക്കുന്ന പള്ളിയാൽ കുടുംബ കൂട്ടായ്മയാണ് രോഗികളെ ആശുപത്രിയിലേക്കും തിരിച്ചും എത്തിക്കാനുമായി വാഹന സൗകര്യം ഏർപ്പെടുത്തുന്നത്. പീച്ചംകോട് നിന്നാണ് രാവിലെ 8.30 മുതൽ 2 മണിവരെ രോഗികളെ കയറ്റി ആശുപത്രിയിലേക്കും തിരിച്ചും എത്തിക്കുന്നത്.സ്വന്തമായി വാഹനമില്ലാത്ത രോഗികൾ നിലവിൽ ഇവിടെ നിന്നും നാല് കിലോമീറ്റർ ദൂരം ഓട്ടോറിക്ഷ വിളിച്ചാണ് ആശുപത്രി സേവനം തേടുന്നത്. കീമോതെറാപ്പിക്കും റേഡിയേഷനുമായി നിരന്തരം ആശുപത്രിയുമായി ബന്ധപ്പെടേണ്ടി വരുന്ന നിർധനരായ കാൻസർ രോഗകൾക്ക് താങ്ങാവുന്നതിലപ്പുറമാണ് യാത്രാകൂലിയായി വേണ്ടി വരുന്നത്. നേരത്തെ ആശുപത്രി വഴി കെ എസ് ആർ ടി സി ബസ് സർവ്വീസ് നടത്തിയിരുന്നെങ്കിലും റോഡ് തകർന്നതോടെ നിർത്തിവെക്കുകയായിരുന്നു. തീരെ ലാഭകരമല്ലാത്തതിനാൽ റോഡ് പണി പൂർത്തിയായിട്ടും പുനരാരംഭിച്ചിരുന്നില്ല.എന്നാൽ കഴിഞ്ഞ ആഴ്ച മുതൽ കെ എസ് ആർ ടി സി രണ്ട് സർവീസ് ആശുപത്രിയിലേക്ക് ആരംഭിച്ചെങ്കിലും രോഗികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് നിർദ്ധനരായ രോഗികൾക്കായി പിഎം ബിസിനസ് ഗ്രൂപ്പ് വാഹനം സ്പോൺസർ ചെയ്തിരിക്കുന്നത്. യാത്രസൗകര്യമൊരുക്കുന്നതിന്റെ ചിലവുകൾ പൂർണ്ണമായും പള്ളിയാൽ കുടുംബാംഗങ്ങളാണ് വഹിക്കുന്നത്.ആശുപത്രിയിലെ ഒ പി സമയത്തിന് ശേഷം അത്യാവശ്യഘട്ടത്തിൽ നിർദ്ധനരായ രോഗികളെ സൗജന്യമായി ആശുപത്രികളിലെത്തിക്കുന്നതിനും ആംബുലൻസ് സൗകര്യമുണ്ടായിരിക്കുമെന്നും ഭാരവാഹികൾ പറഞ്ഞു. ഈമാസം 21ന് തരുവണയിൽ വെച്ച് നടക്കുന്ന ചടങ്ങിൽ വെച്ച് ആരോഗ്യമന്ത്രി കെ കെ ശൈലജ വാഹനത്തിന്റെ താക്കോൽ ഏറ്റു വാങ്ങും. ഈ വർഷത്തെ യൂത്ത് ഐക്കൺ അവാർഡ് കരസ്ഥമാക്കിയ ഡോ.ഷാനവാസ് പള്ളിയാലിനെ ചടങ്ങിൽ വെച്ച് എം എൽ എ ഒ ആർ കേളു ആദരിക്കും. തരുവണ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിനായി കൂട്ടായ്മ നൽകുന്ന സൗണ്ട് സിസ്റ്റം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ബി നസീമ കൈമാറും.ബ്ലോക് പഞ്ചായത് പ്രസിഡന്റ് ഗീതാബാബു,പഞ്ചായത്ത് പ്രസിഡന്റ് പി തങ്കമണി,തുടങ്ങിയവർചടങ്ങിൽ പങ്കെടുക്കുമെന്നും സംഘാടകരായ അബു മീത്തൽ,ബക്കർ പി.പി മജീദ്,എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കാൽപന്തുകളിയുടെ ആവേശത്തിൽ വള്ളിയൂർക്കാവ്

മാനന്തവാടി: കാൽപന്തുകളിയുടെ ആവേശത്തിൽ വള്ളിയൂർക്കാവ്. 16-ാമത് ഉദയ ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് എഫ്.സി.ചൂട്ടാസ് സോക്കർസിറ്റി തേറ്റമലയെ പരാജയപ്പെടുത്തി. ഓരോടീമുകളും അഖിലേന്ത്യസെൻസിലെ നിരവധി വിദേശതാരങ്ങളെയാണ് കളിക്കളത്തിൽ ഇറക്കുന്നത്. വയനാടിന്റെ വിവിധഭാഗങ്ങളിൽ നിന്നും അയൽ ജില്ലകളിൽ നിന്നും നിരവധി ആളുകളാണ് വള്ളിയൂർക്കാവിലെത്തുന്നത്. 20ന് നടക്കുന്ന മത്സരത്തിൽ ഡി.എച്ച്.എം. യൂണൈറ്റഡ് വയനാട് സോക്കർ സ്റ്റാർ വള്ളിയൂർക്കാവിനെ നേരിടും.

മാനന്തവാടി വള്ളിയൂർക്കാവ് ഗ്രൗണ്ടിൽ നടക്കുന്ന 16-ാമത് ഉദയ ഫുട്ബോൾ മത്സരത്തിൽ നിന്ന്

കുടുംബശ്രീ ആനിമേറ്റേഴ്സ് സംസ്ഥാന തല വർക്ക്ഷോപ്പ് നടത്തി

കൽപ്പറ്റ: വയനാട് കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ എസ്.ടി. ആനിമേറ്റേഴ്സിനായി സംസ്ഥാന തല വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. കുടുംബശ്രീയ്ക്ക് കീഴിൽ സംസ്ഥാനത്ത് ആദിവാസി മേഖലയെ കേന്ദ്രീകരിച്ച് നടന്ന് വരുന്ന പ്രവർ ത്തനങ്ങളെ വിശകലനം ചെയ്യുക, പട്ടിക വർഗ ക്ഷേമത്തിനായി അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി തയ്യാറാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്. തിരുനെല്ലി മയൂഖ റിസോർട്ടിൽ സംഘടിപ്പിച്ച പരിപാടി മാനന്തവാടി എം.എൽ.എ ഒ.ആർ കേളു ഉദ്ഘാടനം ചെയ്തു. മൂന്ന് ദിവസം നീണ്ടു നിന്ന വർക്ക്ഷോപ്പിൽ തൃശ്ശൂർ, പത്തനംതിട്ട, കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ നിന്നായി ആനിമേറ്റേഴ്സും, കോർഡിനേറ്റേഴ്സും ഉൾപ്പെ ടെയുള്ളവർ പങ്കെടുത്തു. വർക്ക്ഷോപ്പിന്റെ ഭാഗമായി വിവിധ കോളനികൾ സന്ദർശിക്കുകയും അവിടെയുള്ള സാമൂ ഹികാന്തരീക്ഷത്തെ വിലയിരുത്തുകയും ചെയ്തു. ഉദ്ഘാടന ചടങ്ങിൽ തിരുനെല്ലി വാർഡ് മെമ്പർ ഹരീന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. സബ് കലക്ടർ ഉമേഷ് മുഖ്യപ്രഭാഷണം നടത്തി. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ സാജിത. പി ആശംസ അറിയിച്ചു. സംസ്ഥാന പ്രോഗ്രാം ഓഫീസർ അമൃത, സംസ്ഥാന പ്രോഗ്രാം മാനേജർ പ്രഭാകരൻ, കുടുംബശ്രീ അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർമാരായ ജയചന്ദ്രൻ കെ.പി, മുരളി കെ.ടി, ഹാരിസ്. കെ.എ, തിരുനെല്ലി സ്പെഷ്യൽ പ്രൊജക്ട് കോർഡിനേറ്റർ സായ് കൃഷ്ണൻ, ജില്ലാ പ്രോഗ്രാം മാനേജർ ജയേഷ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഏകദിന മൈൻഡ് പവർ പരിശീലനം നടത്തി

മാനന്തവാടി: ഏകദിന മൈൻഡ് പവർ പരിശീലനം മാനന്തവാടി വൈറ്റ് ഫോർട്ട് ഹോട്ടലിൽ വെച്ച് നടത്തി. പ്രശസ്ദ്ധ മനശാസ്ത്ര ഗ്രന്ഥരചയി താവും, കോർപ്പറേറ്റ് ട്രൈയനറുമായ പി.എ സ് തോമസ് പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. ലോ ഓഫ് അട്രാക്ഷൻ മില്ല്യണർ മൈൻഡ് സെറ്റ്, എൻ.എൽ.പി എന്നീ അന്താരാഷ്ട്ര ടെക്നിക്കുകളും ഉപയോഗിച്ചു കൊണ്ടുള്ള രീതിയിലായിരുന്നു പരിശീലനം. 25ന് തിങ്കൾ ബത്തേരി റീജൻസി ഹോട്ടലിലും 26ന് കൽപ്പറ്റ ആലക്കൽ റസിഡൻസിയിലും നടക്കുമെന്ന് കോ-ഓർഡിനേറ്റർ മൂജീബ് റഹ്മാൻ അറിയിച്ചു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 9847400911 എന്ന ഈ നമ്പറിൽ 24ന് മുമ്പ് പേര് റജിസ്റ്റർ ചെയ്യേണ്ടതാണ്.

സ്വതന്ത്ര കർഷക സംഘം കലക്ട്രേറ്റ് മാർച്ചും ധർണയും നടത്തി

കൽപ്പറ്റ: കർഷകരുടെ മുഴുവൻ കടങ്ങളും എഴുതി തള്ളുക,സർഫാസി നിയമം പിൻവലിക്കുക, വന്യമൃഗശല്യത്തിൽ നിന്നും വയനാടിനെ രക്ഷിക്കുക, വയനാട് മെഡിക്കൽ കോളേജ് പുനസ്ഥാപിക്കുക, സർക്കാരിന്റെ അവഗണന അവസാനിപ്പിക്കുക, പ്രളയത്തിൽ ഭൂമി നഷ്ടപ്പെട്ടവർക്ക് ധനസഹായം ഉടൻ വിതരണം ചെയ്യുക,ബാണാസുരഡാം കൃഷിക്കാർക്ക് ഉടൻ തുറന്നുകൊടുക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് സ്വതന്ത്ര കർഷക സംഘം കലക്ട്രേറ്റ് മാർച്ചും ധർണയും നടത്തി. മുസ്ലീം ലീഗ് ജില്ലാ പ്രസിഡന്റ് പി.പി.എ.കരീം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് വി അസയിനാർ അധ്യക്ഷത വഹിച്ചു.ജില്ലാ ജനറൽ സെക്രട്ടറി സി.മമ്മി സ്വാഗതം പറഞ്ഞു.മണ്ഡലം ലീഗ് പ്രസിഡന്റ് റസാഖ് കൽപ്പറ്റ, സംസ്ഥാന സെക്രട്ടറി ഖാലിദ് രാജ,ഗഫൂർ വെണ്ണിയോട്,പ്രവാസി ലീഗ് അബ്ദുൾഖാദർ മടക്കിമല,പെർളോത്ത് അഹമ്മദ് ഹാജി,കുഞ്ഞുമുഹമ്മദ് ബാവ ചീരാൽ,ടി.പി.അഹമ്മദ് കോയ,പി.ഉമ്മർഹാജി,സി.മുഹമ്മദ് ഹാജി എന്നിവർ സംസാരിച്ചു,എം.അന്ത്രു,ഹംസഹാജി കല്ലുടുമ്പൻ,മായിൻ മുതിര,കളത്തിൽ മമ്മൂട്ടി,അബു ഗൂഡലായ്,ലത്തീഫ് അമ്പലവയൽ,കുഞ്ഞുമുഹമ്മദ് കീര,അസൈനാർ കല്ലിടുമ്പൻ എന്നിവർ നേതൃത്വം നൽകി.

യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു

കൽപ്പറ്റ: സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് കീഴിലെ എസ്.ആർ.സി. കമ്യൂണിറ്റി കോളേജ് യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. പത്താംതരം പാസായിരിക്കണം. അപേക്ഷ ഫോറവും പ്രോസ്പെക്ടസും 200 രൂപ നിരക്കിൽ തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി. ഓഫീസിൽ നേരിട്ട് ലഭിക്കും. തപാലിൽ വേണ്ടവർ എസ്.ആർ.സി. ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 250 രൂപയുടെ ഡി.ഡി. സഹിതം അപേക്ഷിക്കണം. അവസാന തീയതി ഫെബ്രുവരി 28. ജില്ലയിലെ പഠന കേന്ദ്രം മാനന്തവാടി. ഫോൺ 9388461156. വിവരങ്ങൾ www.src.kerala.gov.in/ www.srccc.in വെബ്സൈറ്റിൽ ലഭിക്കും. വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ.പി.ഒ, തിരുവനന്തപുരം 695033. ഫോൺ 0471 2325101, ഇ.മെയിൽ keralasrc@gmail.com.

വൈദ്യുതി മുടങ്ങും

കൽപ്പറ്റ: കണിയാമ്പറ്റ കുത്തുമുണ്ട ലൈൻ ശേഷി ഉയർത്തുന്നതിന്റെ ഭാഗമായി ഫെബ്രുവരി 20, 21 തീയതികളിൽ രാവിലെ 8 മുതൽ വൈകിട്ട് 6 വരെ 66 കെ.വി. സു.ബത്തേരി സബ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ വൈദ്യുതി മുടങ്ങും. പുൽപ്പള്ളി സെക്ഷനിലെ ദേവർഗദ്ദ, കാപ്പിസെറ്റ്, ചെറ്റപ്പാലം, പി.ആർ.സി, കുനംതെക്ക് എന്നിവിടങ്ങളിൽ ഇന്ന് രാവിലെ 9 മുതൽ 5 വരെ വൈദ്യുതി മുടങ്ങും. പടിഞ്ഞാറത്തറ സെക്ഷനിലെ പാമ്പും കുനി, കുണ്ടിലങ്ങാടി, എട്ടാം മൈൽ ഭാഗങ്ങളിൽ ഇന്ന് രാവിലെ 9 മുതൽ 5 വരെ വൈദ്യുതി മുടങ്ങും.

അപേക്ഷ ക്ഷണിച്ചു

കൽപ്പറ്റ: സിഡിറ്റിൽ മാധ്യമ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ഫെബ്രുവരി 26. വിവരങ്ങൾക്ക് www.ccdcdit.org, 0471 2721917, 8547720167.

വസന്തകുമാറിന്റെ വീട്ടിൽ നടൻ മമ്മൂട്ടിയെത്തി

കൽപ്പറ്റ: കശ്മീരിലെ പുൽവാമയിൽ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ഹവിൽദാർ വി.വി. വസന്തകുമാറിന്റെ കുടുംബത്തെ ആശ്വസിപ്പിക്കുവാനും, അനുശോചനം രേഖപ്പെടുത്താനും ദിനംപ്രതിയെത്തുന്നത് നിരവധി പേർ. ഇന്ന് നടൻ മമ്മൂട്ടി വസന്തകുമാറിന്റെ വീട് സന്ദർശിച്ചു. രാവിലെ പതിനൊന്നരയോടെയാണ് വസന്തകുമാറിന്റെ തൃക്കൈപ്പറ്റ മുക്കംകുന്ന് വാഴക്കണ്ടി തറവാട് വീട്ടിലേക്ക് വയനാടിന്റെ പ്രിയ നടൻ അബുസലീമിനൊപ്പം മമ്മൂട്ടിയെത്തിയത്. വാഴക്കണ്ടി തറവാട്ടിലെത്തിയ മമ്മൂട്ടി ഭാര്യ ഷീനയെയും, കുടുംബാംഗങ്ങളെയും സന്ദർശിച്ച് അവരെ ആശ്വസിപ്പിച്ചു. തുടർന്ന് വസന്തകുമാറിന്റെ സ്മൃതികുടീരത്തിലെത്തി പുഷ് പചക്രം സമർപ്പിച്ചു. എറണാകുളത്ത് നിന്നും വിമാനമാർഗം കരിപ്പൂർ വിമാനത്താവളത്തിലെത്തി അവിടെ നിന്നാണ് മമ്മൂട്ടി വയനാട്ടിലെത്തിയത്. അരമണിക്കൂർ ചില വിട്ട ശേഷമാണ് മമ്മൂട്ടി തൃക്കൈപ്പറ്റയിൽ നി ന്നും മടങ്ങിയത്. തിങ്കളാഴ്ച രാത്രി കെ പി സി സി അധ്യക്ഷൻ മുല്ലപ്പള്ളി രാമചന്ദ്രനും, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും വസന്തകുമാറിന്റെ വീട് സന്ദർശിച്ചിരുന്നു. പ്രമുഖരടക്കം നിരവധി പേരാണ് ഇപ്പോഴും വസന്തകുമാറിന്റെ വീട് സന്ദർശിച്ചുകൊണ്ടിരിക്കുന്നത്.

വീരമൃത്യു വരിച്ച വസന്തകുമാറിന്റെ സ്മൃതികുടീരത്തിൽ നടൻ മമ്മൂട്ടി പുഷ്പചക്രം സമർപ്പിക്കുന്നു